Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE LIBRARY THALASSERY

**M 8625**

## II Semester B.A./B.Sc. Degree (CCSS – Supple./Improve.) Examination, May 2015
## COMMON COURSE IN MALAYALAM
## 2 A 08 MAL : ഭാഷയും ആശയവിനിമയവും
## (2011 and Earlier Admn.)

Time : 3 Hours　　　　Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **(ഓരോ** വിഭാഗത്തിന്റേയും മൂല്യം **1)** **(4×1=4 വെയിറ്റേജ്)**

1) ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

എ) മുൻഗാമിച്ചെടികൾ എന്നാലെന്ത് ?

ബി) പഞ്ചവടിയുടെ പടിഞ്ഞാറു ഭാഗത്ത് നിൽക്കുന്ന വൃക്ഷം ?

സി) 'ജലഗ്രഹം' ഏതാണ് ?

ഡി) കടലട്ടകളുടെ ആകൃതിയെന്ത് ?

2) ''തത്ത്വം മഷിയിലൂടെ ഒഴുകുന്നു എന്ന മഹാസത്യം അവൻ കണ്ടുപിടിച്ചിരിക്കുന്നു.''

എ) ആരുടെ വാക്കുകൾ ?

ബി) ആരാണ് 'സത്യം'കണ്ടുപിടിച്ചത് ?

സി) സന്ദർഭമേത് ?

ഡി) ഏതു കൃതിയിൽ നിന്ന് ?

3) ''അനുഗ്രഹിക്കേണ്ട 'സാധനം' തന്നെ തൊട്ടാ കുളിക്കണം''.

എ) ആരുടെ വാക്കുകൾ ?

ബി) 'സാധനം' എന്താണ് ?

സി) എന്തിനാണ് ദേഷ്യപ്പെടുന്നത് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

4) ''ഇല്ലമ്മേ എന്റെ അച്ഛനെ ഞാൻ വെറുത്തിട്ടില്ല. എന്റെ ആയിരം ശാഠ്യങ്ങൾക്ക് വഴങ്ങിയ അച്ഛൻ, എന്റെ ഒരിഷ്ടത്തിനല്ലേ എതിരു നിന്നിട്ടുള്ളൂ.''

എ) ആരുടെ വാക്കുകൾ ?

ബി) എപ്പോഴാണിങ്ങനെ പറയുന്നത് ?

സി) 'ഒരിഷ്ടം' ഏതാണ് ?

ഡി) ഈ കൃതി എഴുതിയതാര് ?

5) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) ക്ലാസിക്കൽ കൃതികളിൽ ശാശ്വതീകരിക്കപ്പെട്ട തമിഴ് സാഹിത്യം ?

ബി) 'സാഹിത്യത്തിന്റെയും മറ്റു സാംസ്കാരിക രംഗത്തിലെയും പ്രേരകശക്തി' എന്താണ് ?

സി) ''പ്രാകൃതത്വ'ത്തിൽ നിന്നുള്ള ഇന്ത്യയുടെ രക്ഷകനായി' ബുദ്ധിജീവികൾ കണ്ടതെന്തിനെ ?

ഡി) 'ഇന്ത്യയിലെ പുതിയ ബൂർഷ്വാ സാഹിത്യത്തെയും സംസ്കാരത്തെയും മുന്നോട്ടു നീക്കിയ മുഖ്യശക്തി' ആരാണ് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് –**1**). **(4×1=4 വെയിറ്റേജ്)**

6) ''തോൽക്കുന്ന പ്രതിനായകനാണ് വാസ്തവത്തിൽ ജയിക്കുന്ന നായകൻ എന്നു വിളിച്ചു പറയലാണ് നമ്മുടെ ഓണം'' – വിശദീകരിക്കുക.

7) ''തത്ത്വമസി എന്നതിനേക്കാൾ അത് ഇന്നുമെന്റെ ഹൃദയത്തിൽ മുഴങ്ങി നിൽക്കുന്നു'' ഏത് ? ഇങ്ങനെ പറയാനുള്ള കാരണം എന്ത് ?

8) ''ഇന്ത്യൻ സമൂഹത്തെയും സംസ്കാരത്തെയും സംബന്ധിച്ച പഠനത്തിൽ രണ്ടു പ്രവണതകൾക്കെതിരെ ഇൻഡോളജിസ്റ്റുകൾ ജാഗ്രത പുലർത്തണം'' – ഏതെല്ലാം പ്രവണതകൾ ?

9) 'സാമ്യങ്ങളും വൈവിധ്യങ്ങളും' പ്രകൃതിയെ മനസ്സിലാക്കുന്നതിൽ സഹായിക്കുന്നതെങ്ങനെ ?

10) ''തലയൊള്ള പെണ്ണിന് മൊലയില്ലമ്മേ
മൊലയുള്ള പെണ്ണിന് തലയില്ലമ്മേ'' – ആരുടെ വാക്കുകൾ ? വീക്ഷണമെന്ത് ?



III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് –**2**). **(5×2=10 വെയിറ്റേജ്)**

11) ''പുരോഗതിയിലെ കൃതഘ്നതയെക്കുറിച്ച്, അതിജീവനങ്ങളിലെല്ലാം ഉള്ള ഒരു വൈരൂപ്യത്തെക്കുറിച്ച് മഹാബലിയുടെ കഥയും പൂതപ്പാട്ടും ഒരേ ഉൾക്കാഴ്ച പങ്കിടുന്നു'' – വിവക്ഷിതമെന്ത് ?

12) ''അദ്വൈതം നന്നായി മനസ്സിലാക്കിയ ഒരു വ്യക്തി ഭൗതികശാസ്ത്രത്തിന്റെ നിഗമനങ്ങൾ അദ്വൈതത്തോടു ചേരുന്നു എന്ന് ഒരിക്കലും പറയുകയില്ല''. എന്നു പറയാൻ കാരണമെന്ത് ?

13) 'അടുക്കള'യിലെ കഥാപാത്രാവിഷ്കാരത്തെക്കുറിച്ച് എഴുതുക.

14) 'മഴ' എന്ന തിരക്കഥക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

15) പക്ഷി നിരീക്ഷണത്തെപ്പറ്റി ജോൺസി ജേക്കബിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാം ?

16) മലയാളഭാഷാ പഠനത്തെക്കുറിച്ച് ഇ. എം. എസിന്റെ അഭിപ്രായമെന്ത് ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് –**4**). **(3×4=12 വെയിറ്റേജ്)**

17) ഇന്ത്യൻ സമൂഹത്തിന്റെ പരിണാമം ഇ. എം. എസ്. എപ്രകാരം വിലയിരുത്തുന്നു ?

18) സമകാലിക സ്ത്രീ അനുഭവങ്ങൾ 'അടുക്കള'യിൽ എത്രത്തോളം പ്രകടമാണ് ? നിരീക്ഷിക്കുക.

19) ദളിത് ജീവിതത്തിന്റെ പ്രതിസന്ധികൾ പൊക്കുടന്റെ ജീവിതാനുഭവങ്ങളിൽ നിന്ന് വിശകലനം ചെയ്യുക.

20) കടൽത്തീരങ്ങൾ പ്രകൃതിനിരീക്ഷകന് നൽകുന്ന അനുഭവങ്ങൾ വിശദീകരിക്കുക.

---